**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3487** **26-06-2024 - ൽ മറുപടിയ്ക്ക്**

**കണ്ണൂർ റീസർവ്വേ അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയത്തിലെ ജീവനകാര്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കണ്ണൂർ റീസർവ്വേ അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയത്തിലെ ഓഫീസ് അറ്റൻഡന്റായ മുഹമ്മദ് കുഞ്ഞി അപകടത്തിൽപ്പെട്ട് ശരീരം തളർന്ന് കിടപ്പിലായതിനാൽ ആർ.പി.ഡബ്ല്യു.ഡി.ആക്ട് 2016-ലെ സെക്ഷൻ 20(4) അനുസരിച്ച് അനുയോജ്യമായ നിയമനം ലഭിക്കുന്നതിന് വേണ്ടി സമർപ്പിച്ച അപേക്ഷയിന്മേൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | കണ്ണൂർ റീസർവ്വേ അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയത്തിലെ ഓഫീസ് അറ്റൻഡന്റായ ശ്രീ. പി. മുഹമ്മദ് കുഞ്ഞി സമർപ്പിച്ച അപേക്ഷയുടെ അടിസ്ഥാനത്തിൽ ടിയാന് മുൻപനുവദിച്ച ശൂന്യവേതനാവധിക്ക് തുടർച്ചയായി 01.06.2020 മുതൽ 31.05.2023 വരെ കെ.എസ്.ആർ. ഭാഗം1 ചട്ടം 88 പ്രകാരം മെഡിക്കൽ സർട്ടിഫിക്കറ്റിന്മേൽ 25.05.2023ലെ സ.ഉ.(സാധാ)നം.1993/23/റവ പ്രകാരം ശൂന്യവേതനാവധി അനുവദിച്ചിരുന്നു.<br><br>തുടർന്ന് ശ്രീ. മുഹമ്മദ് കുഞ്ഞിക്ക് 01.06.2023 മുതൽ 31.05.2024 വരെ വീണ്ടും ശൂന്യവേതനാവധി അനുവദിക്കുന്നതിനും, അപകടത്തെ തുടർന്ന് ശരീരം തളർന്ന് കിടപ്പിലായ ടിയാനെ 2016 ലെ RPWD Act വകുപ്പ് 20(4) പ്രകാരം സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച് പ്രസ്തുത തസ്തികയിലേയ്ക്ക് പുനർവിന്യാസം നടത്തുന്നതിനും, കൂടാതെ ദുർബലത പെൻഷൻ അനുവദിക്കുന്നതിനുമായി ലാൻഡ് റവന്യൂ കമ്മീഷണർ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. ശ്രീ.മുഹമ്മദ് കുഞ്ഞിക്ക് തളിപ്പറമ്പ ഗവ.ആശുപത്രിയിൽ നിന്നും 10.09.2021ന് നല്കിയ differently abled സർട്ടിഫിക്കറ്റ് പ്രകാരം വൈകല്യതോത് 90% ആണെന്നും ടി ഡിസബിലിറ്റി non progressive, likely to improve, permanent എന്നും സാക്ഷ്യപ്പെടുത്തിയിരുന്നതിനാൽ അപേക്ഷകനെ സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച് പുനർവിന്യസിക്കുന്നതിന്മേൽ നിയമ വകുപ്പിന്റെ അഭിപ്രായം തേടുകയും ശ്രീ.മുഹമ്മദ് കുഞ്ഞിക്ക് അപകടം മൂലമുണ്ടായ അവശത 2016 ലെ The Rights of Persons with Disabilities Act ന്റെ 20 -ആം വകുപ്പ് (4) -ആം ഉപവകുപ്പ് പ്രകാരം വ്യവസ്ഥ ചെയ്യുന്ന "disability during service" എന്നതിനുള്ളിൽ വരുന്നതാണോ എന്ന് പരിശോധിക്കുവാനും, പ്രസ്തുത Act ന്റെ 20 -ാം വകുപ്പ് |

(4)-ാം ഉപവകുപ്പിലെ ക്ലിപ്ത നിബന്ധന പ്രകാരം ഉചിത തീരുമാനമെടുക്കുവാനും നിയമ വകുപ്പ് ഉപദേശം നല്കകിയിരുന്നു.

ശ്രീ. പി. മുഹമ്മദ് കുഞ്ഞിക്ക് ഉണ്ടായ അപകടം 2016 -ലെ The Rights of Persons with Disabilities Act ന്റെ 20 -ആം വകുപ്പ് (4) -ആം ഉപവകുപ്പ പ്രകാരം വ്യവസ്ഥ ചെയ്യുന്ന "disability during service" എന്നതിനുള്ളിൽ വരുന്നതാണെന്ന് കമ്മീഷണർ റിപ്പോർട്ട് ചെയ്തിരുന്നു. എന്നാൽ ചലനശേഷി തീരെയില്ലാത്തതിനാൽ ടിയാന് ഓഫീസിൽ ഹാജരാകുവാനോ ഏതെങ്കിലും വിധത്തിലുള്ള ജോലികൾ ചെയ്യാനോ സാധിക്കുകയില്ല എന്നും അറിയിച്ചിരുന്നു. തുടർന്ന് ശ്രീ. മുഹമ്മദ് കുഞ്ഞിക്ക് INVALID Pension അനുവദിക്കുന്നതിനായി സമർപ്പിച്ച അപേക്ഷയിന്മേൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം തേടുകയും, ഒരിക്കൽ കൂടി മെഡിക്കൽ പരിശോധന പൂർത്തിയാക്കി കെ.എസ്.ആർ. ഭാഗം III ചട്ടം 43 (സി) പ്രകാരം PSA യിൽ നിന്നോ വകുപ്പ് അദ്ധ്യക്ഷനിൽ നിന്നോ ഉള്ള ശിപാർശയുടെ വെളിച്ചത്തിൽ ചട്ടം 46 ൽ സൂചിപ്പിക്കുന്ന മാതൃകയിൽ മെഡിക്കൽ സർട്ടിഫിക്കറ്റ് തീയതി പ്രാബല്യത്തിൽ ടിയാന് INVALID Pension അനുവദിക്കാവുന്നതാണെന്ന് അഭിപ്രായം ടി വകുപ്പ് നൽകുകയുമുണ്ടായി.

എന്നാൽ disability 90% ആണെന്ന് സാക്ഷ്യപ്പെടുത്തിയിട്ടുള്ള മറ്റൊരു കേസിൽ The Rights of Persons with Disabilities Act സെക്ഷൻ 20(4) പ്രകാരം നടപടി സ്വീകരിക്കുവാനാണ് ധനകാര്യ വകുപ്പ് നിർദ്ദേശിച്ചിരുന്നത്. ഈ സാഹചര്യത്തിൽ ശ്രീ.മുഹമ്മദ് കുഞ്ഞിക്ക് അപകടം സംഭവിച്ചിരിക്കുന്നത് Disability During Service എന്നുള്ളതിൽ പരിഗണിക്കാവുന്നതാണെന്ന ജില്ലാ കളക്ടറുടെ റിപ്പോർട്ടിന്റെ വെളിച്ചത്തിലും, Locomotor Disability 100% ആണെന്ന് കണ്ണൂർ ജില്ലാ ആശുപത്രിയിൽ നിന്നും നൽകിയിരിക്കുന്ന സർട്ടിഫിക്കറ്റിലും കൂടാതെ ടിയാന് ഇനി സർവ്വീസിൽ തുടരാൻ കഴിയില്ലെന്ന് KSR Part III Rule 46(a) പ്രകാരമുള്ള മെഡിക്കൽ സർട്ടിഫിക്കറ്റിലും സാക്ഷ്യപ്പെടുത്തിയിട്ടുള്ളതിനാലും ടിയാനെ 2016 ലെ RPWD Act വകുപ്പ് 20(4) പ്രകാരം സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച് പുനർവിന്യസിക്കുന്ന വിഷയം നിലവിൽ ധനകാര്യ വകുപ്പിന്റെ പരിശോധനയിലാണ്.

| | | | |
|---|---|---|---|
| (ബി) | അംഗപരിമിതരായ സഹോദരിമാർ ഉൾപ്പെടുന്ന കുടുംബത്തിലുള്ള ബധിരനും മൂകനും ആയ പ്രസ്തുത വ്യക്തിയുടെ അപേക്ഷ പരിഗണിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ബി) | കണ്ണൂർ റീസർവ്വേ അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയത്തിലെ ഓഫീസ് അറ്റൻഡന്റായ ശ്രീ. പി. മുഹമ്മദ് കുഞ്ഞി സമർപ്പിച്ച അപേക്ഷയുടെ അടിസ്ഥാനത്തിൽ ടിയാന് മുൻപനുവദിച്ച ശൂന്യവേതനാവധിക്ക് തുടർച്ചയായി 01.06.2020 മുതൽ 31.05.2023 വരെ കെ.എസ്.ആർ. ഭാഗം1 ചട്ടം 88 പ്രകാരം മെഡിക്കൽ സർട്ടിഫിക്കറ്റിന്മേൽ 25.05.2023ലെ സ.ഉ.(സാധാ)നം.1993/23/റവ പ്രകാരം ശൂന്യവേതനാവധി അനുവദിച്ചിരുന്നു.<br><br>തുടർന്ന് ശ്രീ. മുഹമ്മദ് കുഞ്ഞിക്ക് 01.06.2023 മുതൽ 31.05.2024 വരെ വീണ്ടും ശൂന്യവേതനാവധി അനുവദിക്കുന്നതിനും, അപകടത്തെ തുടർന്ന് ശരീരം തളർന്ന് കിടപ്പിലായ ടിയാനെ 2016 ലെ RPWD Act വകുപ്പ് 20(4) പ്രകാരം സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച് പ്രസ്തുത തസ്തികയിലേയ്ക്ക് പുനർവിന്യാസം നടത്തുന്നതിനും, കൂടാതെ ദുർബലത പെൻഷൻ അനുവദിക്കുന്നതിനുമായി ലാൻഡ് റവന്യൂ കമ്മീഷണർ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. ശ്രീ.മുഹമ്മദ് കുഞ്ഞിക്ക് തളിപ്പറമ്പ ഗവ.ആശുപത്രിയിൽ നിന്നും 10.09.2021ന് നൽകിയ differently abled സർട്ടിഫിക്കറ്റ് പ്രകാരം വൈകല്യതോത് 90% ആണെന്നും ടി ഡിസബിലിറ്റി non progressive, likely to improve, permanent എന്നും സാക്ഷ്യപ്പെടുത്തിയിരുന്നതിനാൽ അപേക്ഷകനെ സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച് പുനർവിന്യസിക്കുന്നതിന്മേൽ നിയമ വകുപ്പിന്റെ അഭിപ്രായം തേടുകയും ശ്രീ.മുഹമ്മദ് കുഞ്ഞിക്ക് അപകടം മൂലമുണ്ടായ അവശത 2016 ലെ The Rights of Persons with Disabilities Act ന്റെ 20 -ആം വകുപ്പ് (4) -ആം ഉപവകുപ്പ് പ്രകാരം വ്യവസ്ഥ ചെയ്യുന്ന "disability during service" എന്നതിനുള്ളിൽ വരുന്നതാണോ എന്ന് പരിശോധിക്കുവാനും, പ്രസ്തുത Act ന്റെ 20 -ാം വകുപ്പ് (4)-ാം ഉപവകുപ്പിലെ ക്ലിപ്ത നിബന്ധന പ്രകാരം ഉചിത തീരുമാനമെടുക്കുവാനും നിയമ വകുപ്പ് ഉപദേശം നൽകിയിരുന്നു.<br><br>ശ്രീ. പി. മുഹമ്മദ് കുഞ്ഞിക്ക് ഉണ്ടായ അപകടം 2016 -ലെ The Rights of Persons with Disabilities Act ന്റെ 20 -ആം വകുപ്പ് (4) -ആം ഉപവകുപ്പ പ്രകാരം വ്യവസ്ഥ ചെയ്യുന്ന "disability during service" എന്നതിനുള്ളിൽ വരുന്നതാണെന്ന് കമ്മീഷണർ റിപ്പോർട്ട് ചെയ്തിരുന്നു. എന്നാൽ ചലനശേഷി തീരെയില്ലാത്തതിനാൽ ടിയാന് ഓഫീസിൽ ഹാജരാകുവാനോ ഏതെങ്കിലും വിധത്തിലുള്ള |

| | | | |
|---|---|---|---|
| | | | ജോലികൾ ചെയ്യാനോ സാധിക്കുകയില്ല എന്നും അറിയിച്ചിരുന്നു. തുടർന്ന് ശ്രീ. മുഹമ്മദ് കുഞ്ഞിക്ക് INVALID Pension അനുവദിക്കുന്നതിനായി സമർപ്പിച്ച അപേക്ഷയിന്മേൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം തേടുകയും, ഒരിക്കൽ കൂടി മെഡിക്കൽ പരിശോധന പൂർത്തിയാക്കി കെ.എസ്.ആർ. ഭാഗം III ചട്ടം 43 (സി) പ്രകാരം PSA യിൽ നിന്നോ വകുപ്പ് അദ്ധ്യക്ഷനിൽ നിന്നോ ഉള്ള ശിപാർശയുടെ വെളിച്ചത്തിൽ ചട്ടം 46 ൽ സൂചിപ്പിക്കുന്ന മാതൃകയിൽ മെഡിക്കൽ സർട്ടിഫിക്കറ്റ് തീയതി പ്രാബല്യത്തിൽ ടിയാന് INVALID Pension അനുവദിക്കാവുന്നതാണെന്ന് അഭിപ്രായം ടി വകുപ്പ് നൽകുകയുമുണ്ടായി.<br><br>എന്നാൽ disability 90% ആണന്ന് സാക്ഷ്യപ്പെടുത്തിയിട്ടുള്ള മറ്റൊരു കേസിൽ The Rights of Persons with Disabilities Act സെക്ഷൻ 20(4) പ്രകാരം നടപടി സ്വീകരിക്കുവാനാണ് ധനകാര്യ വകുപ്പ് നിർദ്ദേശിച്ചിരുന്നത്. ഈ സാഹചര്യത്തിൽ ശ്രീ.മുഹമ്മദ് കുഞ്ഞിക്ക് അപകടം സംഭവിച്ചിരിക്കുന്നത് Disability During Service എന്നുള്ളതിൽ പരിഗണിക്കാവുന്നതാണെന്ന ജില്ലാ കളക്ടറുടെ റിപ്പോർട്ടിന്റെ വെളിച്ചത്തിലും, Locomotor Disability 100% ആണെന്ന് കണ്ണൂർ ജില്ലാ ആശുപത്രിയിൽ നിന്നും നൽകിയിരിക്കുന്ന സർട്ടിഫിക്കറ്റിലും കൂടാതെ ടിയാന് ഇനി സർവ്വീസിൽ തുടരാൻ കഴിയില്ലെന്ന് KSR Part III Rule 46(a) പ്രകാരമുള്ള മെഡിക്കൽ സർട്ടിഫിക്കറ്റിലും സാക്ഷ്യപ്പെടുത്തിയിട്ടുള്ളതിനാലും ടിയാനെ 2016 ലെ RPWD Act വകുപ്പ് 20(4) പ്രകാരം സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച് പുനർവിന്യസിക്കുന്ന വിഷയം നിലവിൽ ധനകാര്യ വകുപ്പിന്റെ പരിശോധനയിലാണ്. |

സെക്ഷൻ ഓഫീസർ